**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 27** **22-06-2026-ൽ മറുപടിയ്ക്ക്**

**നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടയുന്നതിന് നടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. പ്രേമൻ ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. ടി. എം. ശശി

**(എ)** ഇന്ധന വിലയിലെ തുടർച്ചയായ വർദ്ധനവ് കാരണം സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** ഇന്ധന വിലയിലെ തുടർച്ചയായ വർദ്ധനവ് കാരണം സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ നേരിയ വ്യതിയാനമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . കേരളത്തിൽ ഇന്ധന വില വർദ്ധനവ് നിലവിൽ വന്നത് 15.05.2026 മുതൽ ആണ്. 15.05.2026 ലെയും 12.06.2025 ലെയും വിലകൾ തമ്മിൽ താരതമ്യം ചെയ്യുമ്പോൾ പഴം പച്ചക്കറി വിഭാഗത്തിലാണ് വില വ്യതിയാനം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. സ്പൈസസ് വിഭാഗത്തിൽ മല്ലി, മുളക്, കുരുമുളക് എന്നിവയുടെ വിലയിൽ വ്യതിയാനം ശ്രദ്ധയിൽപെട്ടിട്ടുണ്ട്. കൂടാതെ പാംഓയിലിന്റെയും സൺഫ്ലവർ ഓയിലിന്റെയും വിലയിൽ നേരിയ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വെളിച്ചെണ്ണ, ബീൻസ്, പടവലം, വെണ്ടയ്ക്ക, വെള്ളരിക്ക, സൂചിഗോതമ്പ്, അരി എന്നിവയുടെ വിലയിൽ കുറവും രേഖപ്പെടുത്തിയിട്ടുണ്ട്.

**(ബി)** പച്ചക്കറിയും ഭക്ഷ്യധാന്യങ്ങളും ഉൾപ്പെടെയുള്ളവയുടെ വില വർദ്ധനവ് തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

**മറുപടി:** പച്ചക്കറിയും ഭക്ഷ്യധാന്യങ്ങളും ഉൾപ്പെടെയുള്ളവയുടെ വില വർദ്ധനവ് തടയുന്നതിനായി ഭക്ഷ്യ പൊതുവിതരണ വകുപ്പ് ജില്ല/താലൂക്ക് തലങ്ങളിൽ പൊതു വിപണിയിൽ പതിവായി പരിശോധന നടത്തി ക്രമക്കേടുകൾക്കെതിരെ നടപടി സ്വീകരിച്ച് വരുന്നു. ഉത്സവ സീസണുകളിൽ പൊതുവിതരണ, ലീഗൽ മെട്രോളജി, ഭക്ഷ്യ സുരക്ഷാ എന്നീ വകുപ്പുകളുടെ സംയുക്ത സ്ക്വാഡ് രൂപീകരിച്ച് പൊതുവിപണി പരിശോധന നടത്താറുണ്ട്. വകുപ്പുതല സ്ക്വാഡുകളുടെ നേതൃത്വത്തിൽ വിപണിയിൽ പരിശോധന നടത്തി പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും തടയുന്നതിന് ആവശ്യമായ നടപടികളും സ്വീകരിച്ചു വരുന്നു.

സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം സംബന്ധിച്ച വിവരങ്ങൾ അവലോകനം ചെയ്യുന്നതിനായി ചീഫ് സെക്രട്ടറി അധ്യക്ഷനായി ഒരു സംസ്ഥാനതല കമ്മിറ്റി പ്രവർത്തിക്കുന്നുണ്ട്. ജില്ല കളക്ടർ, പൊതുവിതരണ ഉപഭോക്തൃകാര്യ, കൃഷി വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ എന്നിവർ എല്ലാ മാസവും യോഗം ചേർന്ന് വിപണി സാഹചര്യം വിലയിരുത്തുകയും

റിപ്പോർട്ട് ഭക്ഷ്യ പൊതു വിതരണ വകുപ്പ് കമ്മീഷണർ മുഖേന കമ്മിറ്റിയ്ക്ക് സമർപ്പിക്കുകയും ചെയ്ത് വരുന്നു. കൂടാതെ അവശ്യവസ്തുക്കളുടെ വില നിരീക്ഷണത്തിനും, വില ശേഖരണത്തിനും വേണ്ടി ഒരു 'Price Monitoring Cell' സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. വിപണി ഇടപെടലുമായി ബന്ധപ്പെട്ട സർക്കാരിന്റെ നയ രൂപീകരണത്തിനായി 14 ജില്ലകളിൽ നിന്നും വിപണി വില ശേഖരിച്ച് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ സഹായത്തോടെ സർക്കാരിന് ശുപാർശകൾ സമർപ്പിക്കുന്നു.

**(സി)** വിലവർദ്ധനവ് തടയുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** വിലക്കയറ്റം ഫലപ്രദമായി നിയന്ത്രിക്കുന്നതിന്റെ ഭാഗമായി, വിപണി ഇടപെടൽ നടത്തുന്നതിന്, 315 കോടി രൂപ സപ്ലൈകോയ്ക്ക് ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി 13 ഇനം അവശ്യസാധനങ്ങൾ 20%-35% വരെ വിലക്കുറവിൽ വിതരണം ചെയ്ത് പ്രതിമാസം 30 ലക്ഷത്തോളം കുടുംബങ്ങൾക്ക് പ്രയോജനം ലഭ്യമാക്കുന്നു. കൂടാതെ 41 ഇനം സാധനങ്ങൾ 10%-30% വരെ വിലക്കുറവിൽ (FSSR നിരക്കിൽ) റേഷൻ കാർഡ് ഇല്ലാതെയും ലഭ്യമാക്കുന്നു. സമൂഹത്തിലെ എല്ലാ വിഭാഗം ആളുകളെയും ആകർഷിക്കുന്ന രീതിയിൽ സപ്ലൈകോ വിൽപനശാലകൾ നവീകരിച്ചു കൊണ്ടിരിക്കുകയാണ്. സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ കർശന പരിശോധനകൾക്ക് ശേഷം പൊതുവിപണിയേക്കാൾ 20% മുതൽ 30% വരെ വിലക്കുറവിൽ വിറ്റുവരുന്നു. സപ്ലൈകോയുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ERP, e-Office സംവിധാനങ്ങൾ നടപ്പിലാക്കുകയും ശക്തിപ്പെടുത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സപ്ലൈകോ മെഡിക്കൽ ഷോപ്പുകൾ വഴി ഇൻസുലിൻ ഉൾപ്പെടെയുള്ള മരുന്നുകൾ കുറഞ്ഞ വിലയിൽ വിതരണം ചെയ്യുന്നു. ഇൻസുലിൻ MRP യിൽ നിന്ന് 20% മുതൽ 24% വരെ വിലക്കുറവിലും മറ്റു മരുന്നുകൾ MRP യിൽ നിന്ന് 13% മുതൽ 25% വരെ വിലക്കുറവിലും വിൽപ്പന നടത്തിവരുന്നു. സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്ന 1,622 വിൽപനശാലകളും, തീരദേശ/മലയോര/ആദിവാസി മേഖലകളിൽ സേവനം എത്തിക്കുന്നതിനായി 16 മൊബൈൽ സൂപ്പർ മാർക്കറ്റുകളും/മാവേലി സ്റ്റോറുകളും വഴി കാര്യക്ഷമമായ വിതരണം ഉറപ്പുവരുത്തുന്നു. വിലക്കയറ്റം നിയന്ത്രിക്കുന്നതിനും അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനുമായി സപ്ലൈകോ ടെണ്ടർ കലണ്ടർ പുറത്തിറക്കി എല്ലാ ഡിപ്പോകളിലും ഡിവിഷൻ മേധാവികൾക്കും വിതരണം ചെയ്തിട്ടുണ്ട്. ടെണ്ടർ നടപടിക്രമങ്ങളെക്കുറിച്ച് ജീവനക്കാർക്ക് വ്യക്തമായ അവബോധം സൃഷ്ടിക്കുന്നതിനൊപ്പം പരിശീലന ക്ലാസുകളും ഇൻഡെന്റിംഗ് സംബന്ധിച്ച പരിശീലനവും നൽകിവരുന്നു. കൃത്യമായ ഇൻഡെന്റിംഗ് വഴി വിൽപനശാലകളിൽ ആവശ്യമായ സ്റ്റോക്ക് ഉറപ്പാക്കുകയും പൊതുജനങ്ങൾക്ക് കുറഞ്ഞ വിലയിൽ ആവശ്യമായ അളവിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നതിലൂടെ വിലക്കയറ്റത്തിന്റെയും പൊതുവിപണിയിലെ ചൂഷണത്തിന്റെയും ആഘാതം കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**